ഉത്തരം

(എ) ഉണ്ട്.

(ബി) 1998 ആഗസ്റ്റ് മാസത്തിൽ നേവിയുടെ സഞ്ചാർ കമ്മ്യൂണിക്കേഷൻ പ്രോജക്ടിന്റെ എന്റർപ്രൈസ് വൈഡ് നെറ്റ്വർക്കിംഗിനു വേണ്ടിയുള്ള ടെക്നിക്കൽ ബിഡ് കെൽട്രോൺ സമർപ്പിച്ചിരുന്നു. 1998 ഒക്ടോബറിൽ കെൽട്രോണിലെ ഉയർന്ന ഉദ്യോഗസ്ഥൻ, ഡെൽഹിയിൽ നേവൽ ആസ്ഥാനത്ത് പ്രോജക്ടിന്റെ വിശദാംശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

സഞ്ചാർ കമ്മ്യൂണിക്കേഷൻ പ്രോജക്ടിൽ "128 ബിറ്റ് എൻക്രിപ്ഷൻ" മുതലായ ആധുനിക സാങ്കേതികവിദ്യകളും ചുരുക്കം ചില അമേരിക്കൻ കമ്പനികളുടെ മാത്രം കൈവശമുള്ള അതിനൂതനങ്ങളായ കമ്മ്യൂണിക്കേഷൻ സോഫ്റ്റുവെയറുകളും ഉൾക്കൊള്ളിച്ചിരുന്നു. ടാറ്റാ കൺസൾട്ടൻസി സർവ്വീസസ്, ടാറ്റാ ഇൻഫോടെക് മുതലായ പ്രമുഖ സോഫ്റ്റ്വെയർ കമ്പനികൾക്കു മാത്രമേ ഈ അമേരിക്കൻ കമ്പനികളുമായുള്ള വ്യാപാരകരാർവഴി ഈ സാങ്കേതികവിദ്യനൽകാൻ കഴിഞ്ഞുള്ളൂ. കെൽട്രോണിന് നേവിയുടെ ആവശ്യങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളിക്കുന്നതിനും നേവിയുടെ സാങ്കേതികവിഭാഗത്തിന്റെ അംഗീകാരം ലഭിക്കുന്നതിനും കഴിയാതെ വന്നു. തന്മൂലം നേവിക്ക് സ്വീകാര്യമായ ടെക്നിക്കൽ ഓഫറുകളുടെ പട്ടികയിൽ കെൽട്രോൺ ഉൾപ്പെടുകയുണ്ടായില്ല. അതിനാൽ, കെൽട്രോണിന് കൊമേഴ്സ്യൽ ഓഫർ സമർപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചില്ല.

(സി) ഇല്ല.

(ഡി)-(എഫ്) ചോദ്യം ഉദിക്കുന്നില്ല.

246 (1425) ഇൻഫർമേഷൻ നെറ്റ് വർക്ക് ഫോർ ലോക്കൽ ബോഡീസ്

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ് എന്ന പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ കമ്പ്യൂട്ടർ മുഖേന ബന്ധപ്പെടുത്തുന്നതിനും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അവലോകനം ചെയ്യുന്നതിന് സ്ഥിരം സംവിധാനം രൂപപ്പെടുത്തുന്നതിനും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വ്യത്യസ്ത പ്രവർത്തനങ്ങൾ അത് യന്ത്രവൽക്കരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർ ഹാർഡ് വെയർ/സോഫ്റ്റ് വെയർ നടത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം സിദ്ധിച്ച മനുഷ്യവിഭവശേഷി ലഭ്യമാക്കുന്നതിനും വേണ്ടി.

(സി) അതെ, പ്രാഥമിക സജ്ജീകരണങ്ങൾ പുരോഗതിയിലാണ്.

(ഡി) ഉണ്ട്. പദ്ധതി വിഹിതമായി.

247 (1426) പൊതുമേഖലാ സ്ഥാപനങ്ങൾ നൽകേണ്ട ഗ്യാരന്റി കമ്മീഷൻ

ശ്രീ. പി.ജെ. ഫ്രാൻസീസ് :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ഗവണ്മെന്റിന് നൽകേണ്ട ഗ്യാരന്റി കമ്മീഷൻ നൽകാതെ കുടിശ്ശിക ആക്കിയിട്ടുണ്ട്;

(ബി) ഒട്ടാകെ ഈയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്;

(സി) ഈ തുക കുടിശ്ശികയാക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉദ്ദേശം 70.45 കോടി രൂപയാണ് ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് ലഭിക്കാനുള്ളത്.

(സി) ഗ്യാരന്റി കമ്മിഷൻ അടയ്ക്കേണ്ട സ്ഥാപനങ്ങൾ കൃത്യമായി തുക കണക്കാക്കി യഥാസമയം അടയ്ക്കാത്തതാണ് കുടിശ്ശികയാകാനുള്ള കാരണം.

248 (1427) വ്യവസായ ഗൈഡ്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിഭവശേഷിയും ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യതകളും കണക്കിലെടുത്ത് പുതുതായി തുടങ്ങാവുന്ന വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്നു കാണിക്കുന്ന ഒരു വ്യവസായ ഗൈഡ് തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) നമ്മുടെ പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ച് ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്; ഏതെല്ലാം വ്യവസായങ്ങൾക്കാണ് സാദ്ധ്യതകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുള്ള സാങ്കേതിക വിദഗ്ദ്ധന്മാരെയും മറ്റും കൂട്ടിയിണക്കി ഒരു വ്യവസായ അന്വേഷണ ബ്യൂറോ ആരംഭിക്കുവാൻ വേണ്ട സാഹചര്യം സൃഷ്ടിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly